**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 22** **27-06-2022 - ൽ മറുപടിയ്ക്ക്**

**സർക്കാർ ആശുപത്രികളിലെ മരുന്ന് വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. പി. എ. മജീദ്,<br>ഡോ. എം.കെ . മുനീർ ,<br>ശ്രീ . എൻ . ഷംസുദ്ദീൻ,<br>ശ്രീ എൻ എ നെല്ലിക്കുന്ന്** | | **ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ ആവശ്യത്തിന് മരുന്ന് ലഭ്യമാക്കാൻ കഴിയാത്ത അവസ്ഥ ഉണ്ടായിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ ജീവൻരക്ഷാമരുന്നുകൾക്ക് ക്ഷാമം നേരിടുന്ന സാഹചര്യം ഉണ്ടായിട്ടില്ല. 2021-22 ദർഘാസിലൂടെ വിതരണക്കാരെ ലഭിക്കാത്ത ഇനങ്ങളിൽ അത്യന്താപേക്ഷിതമായ ഇനങ്ങൾ കാരുണ്യാ കമ്മ്യൂണിറ്റി ഫാർമസി മുഖേന സംഭരിച്ച് വിതരണം നടത്തിയിട്ടുണ്ട്. കെ.എം.എസ്.സി.എൽ വിതരണം ചെയ്യാത്തതും സ്റ്റോക്ക് ലഭ്യതക്കുറവ് മൂലം കെ.എം.എസ്.സി.എൽ – ൽ നിന്നും അവശ്യ മരുന്നുകൾ ലഭ്യമാകാതെ വരുന്ന ഘട്ടത്തിൽ അവശ്യ മരുന്നുകൾ ലോക്കൽ പർച്ചേസ്, KASP, RSBY, RBSK, JSSK, TRIBAL FUND, HDS FUND ഉടങ്ങി വിവിധ സ്കീമുകളിലൂടെ രോഗികൾക്ക് ലഭ്യമാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.<br><br>നിലവിൽ സർക്കാർ ആരോഗ്യ സ്ഥാപനങ്ങളിലെയും, ജില്ലാ മരുന്നു സംഭരണകേന്ദ്രങ്ങളിലെയും, സ്റ്റോക്ക് കണക്കിലെടുത്ത്, അതനുസരിച്ച് ആവശ്യമായ മരുന്നുകൾക്കുള്ള വിതരണാനുമതി 2022 മെയ് മാസത്തിൽ നൽകിയിട്ടുണ്ട്. അതനുസരിച്ചുള്ള മരുന്നുകൾ ജൂലൈ മാസത്തോടെ ലഭ്യമാകുന്നതാണ്. |
| (ബി) | മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ 2022 മാർച്ച് മാസത്തിൽ പൂർത്തീകരിക്കേണ്ട ടെണ്ടർ നടപടികൾ പൂർത്തീകരിക്കാത്തതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ; | (ബി) | 2022-23 സാമ്പത്തിക വർഷത്തെ ദർഘാസ് നടപടികൾ 2022 മെയ് മാസത്തിലാണ് പൂർത്തീകരിക്കാൻ കഴിഞ്ഞത്. 2020, 2021 വർഷങ്ങളിൽ നോൺ കോവിഡ് രോഗികളുടെ എണ്ണം ആശുപത്രികളിൽ വളരെ കുറവായിരുന്നതിനാൽ നോൺ കോവിഡ് അസുഖങ്ങൾ ചികിത്സിക്കാൻ വേണ്ടി സംഭരിച്ച മരുന്നുകൾ 2021 വർഷം അവസാനംവരെയും |

| | | | |
|---|---|---|---|
| | | | ആശുപത്രികളിൽ ലഭ്യമായിരുന്നു. ഇത്തരത്തിൽ മരുന്നുകൾ ആശുപത്രികളിൽ ലഭ്യമാണ് എന്ന സാഹചര്യത്തിലാണ് 2022-23 -ൽ ദർഘാസ് നടപടികൾ മെയ് മാസത്തിൽ പൂർത്തീകരിക്കാനിടയായത്. |
| (സി) | സാങ്കേതിക കാരണങ്ങളുടെ പേരിൽ സാധാരണക്കാരെ ബുദ്ധിമുട്ടിക്കുന്നതായി പറയപ്പെടുന്ന സാഹചര്യം ആവർത്തിക്കാതിരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (സി) | സാങ്കേതിക കാരണത്താൽ ജീവൻരക്ഷാ മരുന്നുകൾക്ക് ദൗർലഭ്യം നേരിടുകയോ, സാധാരണക്കാരെ ബുദ്ധിമുട്ടിക്കുന്ന സാഹചര്യമോ ഉണ്ടായിട്ടില്ല. വരും വർഷങ്ങളിൽ മരുന്ന് സംഭരണ വിതരണം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് അവശ്യമരുന്നുകൾ സംഭരിക്കുന്നതിനുവേണ്ടി വാർഷിക ഇൻഡന്റ് തയ്യാറാക്കുന്നതുമുതൽ മരുന്നുകൾ സമയബന്ധിതമായി ആശുപത്രികളിൽ എത്തിക്കുന്നതുവരെയുള്ള പ്രക്രിയ പൂർത്തീകരിക്കുന്ന തീയതി നിജപ്പെടുത്തിക്കൊണ്ടുള്ള സംഭരണ വിതരണം വ്യക്തമാക്കുന്ന കലണ്ടർ ഉടൻ പ്രാബല്യത്തിൽ വരുത്താൻ തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ